**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4200** **09-08-2021 - ൽ മറുപടിയ്ക്ക്**

**എസ് .എസ് .എൽ .സി. പാസ്സായി വരുന്ന മുഴുവൻ കുട്ടികൾക്കും പുതിയ കോഴ്സുകളിലേക്കുള്ള പ്രവേശനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. എൻ.കെ. അക്ബർ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നിലവിൽ എസ് .എസ് .എൽ .സി. പാസ്സായ എല്ലാ കുട്ടികൾക്കും ഹയർ സെക്കന്ററി, വി.എച്ച്.എസ്.ഇ. കോഴ്സുകൾക്ക് ചേരുന്നതിനുള്ള സീറ്റുകളും പശ്ചാത്തല സൗകര്യങ്ങളും നിലവിലുണ്ടോ; വിശദമാക്കുമോ; | (എ) | സർക്കാർ/എയ്ഡഡ്/അൺ- എയ്ഡഡ് മേഖലയിലെ സീറ്റുകൾ പരിഗണിക്കുമ്പോൾ പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലും ഉള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല. വി എച്ച് എസ് ഇ യിൽ ആകെ 33030 സീറ്റുകൾ ഉണ്ട്. എല്ലാ വർഷവും പ്ലാൻ ഫണ്ടിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ലബോറട്ടറികളുടെ നവീകരണത്തിനും തുക വകയിരുത്തുന്നുണ്ട്. |
| (ബി) | നടപ്പ് വിദ്യാഭ്യാസ വർഷം പ്ലസ് വൺ , വി.എച്ച്.എസ്.ഇ. വിഭാഗങ്ങളിലായി സീറ്റുകളും ബാച്ചുകളും വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; | (ബി) | ആലോചിക്കുന്നുണ്ട്. |
| (സി) | ഹൈസ്കൂളുകളെ ഹയർ സെക്കന്ററി സ്കൂളുകളായി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ; | (സി) | 31.07.2014 ലെ സർക്കാർ ഉത്തരവ് (കൈ) നം.143/2014/പൊവിവ പ്രകാരം 2014-15, 2015-16 അധ്യയന വർഷങ്ങളിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. i. താഴെപ്പറയുന്ന മുൻഗണനാ ക്രമത്തിലായിരിക്കണം അധിക ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കേണ്ടത്. 1. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ 2. കോർപ്പറേറ്റ് മാനേജ്.മെന്റ് നടത്തുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ 3. വ്യക്തിഗത/ട്രസ്റ്റ് മാനേജ്.മെന്റുകൾ നടത്തുന്ന എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂൾ ii. ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുമ്പോൾ കൂടുതൽ സീറ്റുകൾ ആവശ്യമായി വരുന്ന റവന്യൂ ജില്ലയ്ക്കായിരിക്കും മുൻഗണന നൽകുക. |

iii. സർക്കാർ മേഖലയിൽ അധിക ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുന്ന തിനുള്ള അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ സമർപ്പിക്കേണ്ടതാണ്. എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുന്നതി നുള്ള അപേക്ഷകൾ ബന്ധപ്പെട്ട ഹയർ സെക്കണ്ടറി സ്കൂൾ മാനേജർമാർ സമർപ്പിക്കേണ്ടതാണ്. iv. അപേക്ഷകൾ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിക്കുന്ന മാതൃകയിലുള്ള ഫാറത്തിൽ സമർപ്പിക്കേ ണ്ടതാണ്. v. അപേക്ഷകൾ ബന്ധപ്പെട്ട ഹയർ സെക്കണ്ടറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ മുഖേന ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർക്ക് പ്രിൻസി പ്പൽമാർ/മാനേജർമാർ സമർപ്പിക്കേണ്ട താണ്. vi. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾ സംസ്ഥാന ട്രഷറിയിൽ 0202-01-102-97 (03) other receipts എന്ന അക്കൗണ്ട് ഹെഡിൽ 500/- രൂപ അപേക്ഷ ഫീസായി അടച്ചതിന്റെ ചലാൻ സഹിതം സമർപ്പിക്കേണ്ടതാണ്. സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നുള്ള അപേക്ഷകൾക്ക് ഫീസുണ്ടായിരിക്കുന്നതല്ല. vii. അപേക്ഷിയ്ക്കുന്ന സ്കൂളിന് താഴെപ്പറയുന്ന ഭൗതിക സൗകര്യങ്ങൾ ഉണ്ടായിരിക്കണം. സ്ഥല സൗകര്യം-കുറഞ്ഞത് 1.2 ഹെക്ടർ കെട്ടിട സൗകര്യം-കെ.ഇ.ആർ വ്യവസ്ഥ കൾ പ്രകാരം ക്ലാസ് റൂം സൗകര്യം-ഒരു ബാച്ചിന് 9x6x3.70 മീറ്റർ ഭാഷാ വിഭാഗത്തിന് 6x6x3.70 മീറ്റർ ലബോറട്ടറി സൗകര്യം-ഓരോ സയൻസ് വിഷയത്തിനും 12x6x3.70 മീറ്റർ വീതം. കൂടാതെ നിശ്ചിത ലബോറട്ടറി ഉപകരണങ്ങൾ ലഭ്യമാക്കണം. viii. സർക്കാർ മേഖലയിലുള്ള സ്കൂളിന് മുകളിൽ പറഞ്ഞ ഭൗതിക സൗകര്യങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏർപ്പെടുത്തേ ണ്ടതാണ്. 05.04.2016 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.75/2016/പൊവിവ പ്രകാരം സംസ്ഥാനത്ത് പുതിയ സ്കൂളുകളും/അധിക ബാച്ചുകളും അനുവദിക്കുന്നതിലേക്കായി പ്രാദേശിക, സംസ്ഥാന തലത്തിൽ വിദ്യാഭ്യാസ ആവശ്യകത വിലയിരുത്തി സർക്കാർ ഉത്തരവാകണമെന്ന് തീരുമാന മായി. ആയതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ആവശ്യകത വിലയിരുത്തുന്ന തിനായി പ്രാദേശിക സംസ്ഥാനതല കമ്മിറ്റികൾ രൂപീകൃതമാകുകയും ടി കമ്മിറ്റികളുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ ഓരോ വർഷത്തേയും വിദ്യാഭ്യാസ ആവശ്യകത വിലയിരുത്തി പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ/ അധിക ബാച്ചുകൾ അനുവദിക്കുന്നത് സംബന്ധിച്ച്

| | | | |
|---|---|---|---|
| | | | സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു. ആയത് പ്രകാരം മേൽ പരാമർശിച്ച മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാറാവുന്നതാണ്. |
| (ഡി) | ഹയർസെക്കന്ററിയിലും വൊക്കേഷണൽ ഹയർ സെക്കന്ററിയിലും ന്യൂജനറേഷൻ തൊഴിലധിഷ്ഠിത കോഴ്സുകൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | 2020-21 അധ്യയന വർഷം മുതൽ ദേശീയ നൈപുണ്യ വികസന ചട്ടക്കൂട് (എൻ എസ് ക്യൂ എഫ്) പദ്ധതി പ്രകാരം ദേശീയാംഗീകാരമുള്ള സ്കിൽ കോഴ്സുകളാണ് വി.എച്ച്.എസ്.ഇ. യിൽ പരിശീലിപ്പി ക്കുന്നത്. ആധുനികമായ സാങ്കേതിക വിദ്യകളുടെ ആവിർഭാവമുണ്ടാ കുമ്പോഴും കോഴ്സുകൾ പുതുക്കുമ്പോഴും ഏറ്റവും പുതിയ ജോബ് റോളുകൾ പഠനത്തിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കുന്നതാണ്. മുൻ വർഷമുണ്ടായിരുന്ന 46 എൻ.എസ്.ക്യൂ.എഫ് ജോബ് റോളുകളിൽ 4 എണ്ണത്തിൽ വ്യതിയാനങ്ങളുണ്ടാകുകയും പുതിയ 6 ജോബ് റോളുകൾ ഉൾപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഈ പ്രക്രിയ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ